LIBRARY ARCHIVES Kerala Legislative Assembly

ഐ. എച്ച്. ആർ. ഡി. എഞ്ചിനീയറിംഗ് കോളേജിലേക്കും പോളിടെക്നിക്കുകളിലേക്കുമുള്ള അദ്ധ്യാപക നിയമനത്തിനുള്ള പരീക്ഷ

394 [2455] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. എച്ച്. ആർ. ഡി. എഞ്ചിനീയറിംഗ് കോളേജുകളിലേക്കും പോളിടെക്നിക്കുകളിലേക്കും അദ്ധ്യാപക നിയമനത്തിനായി 2001 അവസാനം അപേക്ഷ ക്ഷണിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ആകെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പരീക്ഷ എന്ന് നടന്നു; നടന്നില്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) വീണ്ടും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത നിയമനത്തിന് മുമ്പ് അപേക്ഷ സമർപ്പിച്ചവരെ ഉൾപ്പെടുത്തി പരീക്ഷ നടത്തുമോ; ഇല്ലെങ്കിൽ കാരണങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഐ. എച്ച്. ആർ. ഡി. എഞ്ചിനീയറിംഗ് കോളേജുകളിലേക്കും പോളിടെക്നിക്കുകളിലേക്കും മറ്റ് ഐ. എച്ച്. ആർ. ഡി. വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും, അദ്ധ്യാപക, അദ്ധ്യാപകേതര നിയമനത്തിനായി 2001 നവംബറിൽ അപേക്ഷ ക്ഷണിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ആകെ 2950 അപേക്ഷകൾ ലഭിച്ചു.

(ബി) 16-1-2002 മുതൽ സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നിയമന നിരോധനം ഏർപ്പെടുത്തിയതിനാൽ ഇതിന്റെ പരീക്ഷ ഇതുവരെ നടന്നില്ല.

(സി) ഉണ്ട്. 16-1-2002 മുതൽ സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഏർപ്പെടുത്തിയ നിയമന നിരോധനം രണ്ടുവർഷത്തോളം നിലനിന്നിരുന്നു. ജോലിക്ക് അപേക്ഷിച്ചവരിൽ നല്ലൊരുപങ്ക് ഈ കാലയളവിൽ മറ്റ് ജോലി സ്വീകരിച്ച് പോയിട്ടുള്ളതിനാൽ മെച്ചപ്പെട്ട അദ്ധ്യാപന നിലവാരമുള്ളവരെ ലഭിക്കുന്നതിനുവേണ്ടിയാണ് വീണ്ടും ഒഴിവുകൾ പരസ്യപ്പെടുത്തി അപേക്ഷ ക്ഷണിച്ചത്.

(ഡി) മുമ്പ് അപേക്ഷ സമർപ്പിച്ചവരെ ഉൾപ്പെടുത്തി പരീക്ഷ നടത്തുന്നതാണ്.

നാദാപുരം ഐ. എച്ച്. ആർ. ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്

395 [2456] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. എച്ച്. ആർ. ഡി. നാദാപുരത്ത് അനുവദിച്ച കോളേജ് ഓഫ് അപ്ലൈഡ് സയൻസ് ഈ അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം കോഴ്സുകളാണ് പ്രസ്തുത കോളേജിന് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഈ അദ്ധ്യയന വർഷം തന്നെ കോളേജ് ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഐ. എച്ച്. ആർ. ഡി.-യുടെ കീഴിൽ നാദാപുരത്ത് ഒരു കോളേജ് ഓഫ് അപ്ലൈഡ് സയൻസ് ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും കോഴിക്കോട് സർവ്വകലാശാലയുടെ അഫിലിയേഷനുള്ള അപേക്ഷ സമർപ്പിക്കുവാൻ താമസിച്ചതിനാൽ 2004-2005 വർഷത്തേക്ക് സർവ്വകലാശാല അഫിലിയേഷൻ ലഭിച്ചിരുന്നില്ല. കൂടാതെ ടി സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സ്ഥലവും കെട്ടിടവും ഐ. എച്ച്. ആർ. ഡി.-ക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലുമാണ്.

(ബി) പ്രസ്തുത കോളേജിൽ ബി. എസ്. സി. ഇലക്ട്രോണിക്സ്, ബി. എസ്. സി. കമ്പ്യൂട്ടർ സയൻസ്, ബി. ബി. എ. എന്നീ കോഴ്സുകൾ തുടങ്ങാനാണ് ഐ. എച്ച്. ആർ. ഡി. തീരുമാനിച്ചിട്ടുള്ളത്.

(സി) 'എ' യിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ നാദാപുരത്ത് ഐ. എച്ച്. ആർ. ഡി.-യുടെ കീഴിലുള്ള കോളേജ് ഓഫ് അപ്ലൈഡ് സയൻസ് ഈ അദ്ധ്യയന വർഷം ആരംഭിക്കുവാൻ കഴിയുകയില്ല.

ശ്രീ. രാമനാഥന് പ്രൊമോഷൻ നൽകുന്നതിലെ കാലതാമസം

396 [2457] ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ പ്യൂൺ ശ്രീ. രാമനാഥ് യോഗ്യതയുടെ അടിസ്ഥാനത്തിൽ ട്രേഡ്സ്മാൻ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിന്മൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലേയ്ക്ക് 22251/എൽ1/03/എച്ച്. ഇ. ഡി. എൻ. തീയതി 5-7-2003 നമ്പരായി അയച്ച കത്തിന്മേലുള്ള തുടർനടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത കത്തുപ്രകാരം സർക്കാർ ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ കാലതാമസത്തിനുത്തരവാദിയായ ഉദ്യോഗസ്ഥർക്ക് എതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ കൈക്കൊള്ളുമോ;

(ഇ) അപേക്ഷകന് ലഭിക്കേണ്ടിയിരുന്ന അർഹമായ ആനുകൂല്യം ലഭ്യമാക്കുന്നതിന് വീഴ്ച വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും അപേക്ഷകനുണ്ടായ സാമ്പത്തിക നഷ്ടം ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ;

(എഫ്) അപേക്ഷകന് ലഭിക്കേണ്ടിയിരുന്ന അർഹതപ്പെട്ട പ്രൊമോഷൻ മുൻകാല പ്രാബല്യത്തോടുകൂടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly